കംമ്പ്യൂട്ടറില്ലാത്ത കൊല്ലം കാപ്പെക്സിലേക്ക് പെരിഫറൽസ് 4437 കൊട്ടക്കായം, കേരള എന്ന സ്ഥാപനത്തിൽനിന്നും 1548-ാം നമ്പർ ബിൽ പ്രകാരം 16.9.1996-ൽ 12,430 രൂപയുടെ സാധനങ്ങൾ വാങ്ങിയതായി മാനേജിംഗ് ഡയറക്ടർ ഒപ്പിട്ട വൗച്ചർ നൽകിയിട്ടുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച് അന്വേഷിക്കുമോ?

ഉത്തരം

ഇപ്രകാരം ഒരു വൗച്ചർ നൽകിയിട്ടുള്ളതായി രേഖകൾ പരിശോധിച്ചതിൽ കാണുന്നുണ്ട്. ഇക്കാര്യം അന്വേഷിക്കുന്നതാണ്.

കാപ്പെക്സ് മാനേജിംഗ് ഡയറക്ടറുടെ ഓഫീസ് ചെലവുകൾ

36 (2823)ശ്രീ. സി.ടി. അഹമ്മദ് അലി :

ശ്രീ. എം.കെ. മുനീർ :

ശ്രീ. കെ.പി.എ. മജീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം കാപ്പെക്സ് മാനേജിംഗ് ഡയറക്ടർ ഏപ്രിൽ 1996 മുതൽ മാർച്ച്1997 വരെ എന്റർടെയിൻമെന്റ്, ഓഫീസ് എക്സ്പെൻസ്, ഗിഫ്റ്റുകൾ എന്നീ ഇനത്തിൽ എന്തു തുക ചെലവു ചെയ്തിട്ടുണ്ട്.

(ബി) ഇതിനുവേണ്ടി ഹാജരാക്കിയിട്ടുള്ള വൗച്ചറുകളുടെ നിജസ്ഥിതി അന്വേഷിക്കുമോ?

ഉത്തരം

(എ) 5,87,050/- രൂപ ചെലവാക്കിയിട്ടുള്ളതായി കാണുന്നു.

(ബി) അന്വേഷിക്കുന്നതാണ്.

കാഷ്യൂ ഫാക്ടറികളിലെ തൊഴിൽ ദിനങ്ങൾ

37 (2834)ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം മണ്ഡലത്തിലെ അംഗീകൃത കശുവണ്ടി ഫാക്ടറികളിൽ ഈ സർക്കാർ വന്നശേഷം ഓരോ വർഷവും എത്ര ദിവസം വീതം തൊഴിൽ നൽകിയെന്ന് ഫാക്ടറി തിരിച്ച് വ്യക്തമാക്കുമോ;

(ബി) കാപ്പെക്സിന്റെ കീഴിലുള്ള എരുവ കശുവണ്ടി ഫാക്ടറിയിൽ ഉണ്ടായ നാശനഷ്ടങ്ങളുടെ പേരിൽ തൊഴിലാളികൾക്ക് നൽകിയ ആശ്വാസ നടപടികളെപ്പറ്റി വിശദീകരിക്കുമോ?

ഉത്തരം

(എ) തൊഴിൽ നൽകിയ വിവരങ്ങൾ ഫാക്ടറി തിരിച്ച് താഴെ ചേർക്കുന്നു.

കാഷ്യൂ കോർപ്പറേഷൻ ഒരു	കാപ്പെക്സ് 2 ഫാക്ടറികൾ	സ്വകാര്യമേഖലയിൽ 2 ഫാക്ട

LIBRARY ARCHIVES Kerala Legislative Assembly